സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനായി ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. ഇതുപ്രകാരം കേരളത്തിലെ എല്ലാ സാധാരണ ജനങ്ങൾക്കും പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നൽകുന്നതിനും അതുവഴി പൊതുവിപണിയിലെ വില വർദ്ധനവ് ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നുണ്ട്.

(സി) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും സെക്രട്ടറിമാർക്കും ഈ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സപ്ലൈകോ ഹെഡ് ഓഫീസിൽനിന്നും നേരിട്ട് നൽകിയതിനുപുറമെ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നതിന് സപ്ലൈകോയുടെ 5 റീജിയണൽ മാനേജർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും സ്റ്റോർ ആരംഭിക്കുന്നതിന് സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റുമാർക്കും ബന്ധപ്പെട്ട എം.എൽ.എ.മാർക്കും വകുപ്പുമന്ത്രി എന്ന നിലയിൽ നേരിട്ട് കത്ത് അയച്ചിട്ടുമുണ്ട്.

ഹോട്ടൽ ഭക്ഷണത്തിന്റെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കൽ

171 (5256) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ വിലവിവരം രേഖപ്പെടുത്തി പരസ്യപ്പെടുത്താത്ത ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; എങ്കിൽ ഇത്തരം ഒരു പട്ടിക എല്ലാ ഹോട്ടലുകളിലും പ്രദർശിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഹോട്ടലുകളിൽ വിലനിലവാരപ്പട്ടിക പ്രദർശിപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി സിവിൽസപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ് വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ കേരള ഫുഡ് സ്റ്റാഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കണം എന്ന നിർദ്ദേശം പാലിക്കാത്ത ഹോട്ടൽ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ/സംസ്ഥാന തലങ്ങളിൽ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ ജില്ലാ കളക്ടർ നോട്ടീസ് നൽകുകയും നിയമപരമായ നടപടി സ്വീകരിച്ച് പിഴ ഈടാക്കുകയും ചെയ്യുന്നു.

നെല്ല് സംഭരണത്തിലെ കടിശ്ശിക

172 (5257) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ നെൽകൃഷിക്കാരിൽനിന്നും കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ എത്ര തുക കൊടുത്ത് തീർക്കാനുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തുക അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര താലൂക്കിൽ നിന്നും 2014-15 രണ്ടാം വിളയിൽ സംഭരിച്ച 129016 കി.ഗ്രാം. നെല്ലിന്റെ വിലയായ 24,51,304 രൂപ പൂർണ്ണമായും നൽകിക്കഴിഞ്ഞു.

(ബി) ബാധകമല്ല.

മാവേലി സ്റ്റോർ

173 (5258) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലി സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly